LIBRARY ARCHIVES Kerala Legislative Assembly

കോവളം നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

229 (826) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് കോവളം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തിയ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) 2008-09, 2009-10-ൽ പൊതുമരാമത്ത് വകുപ്പ് കോവളം നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഇവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും തുക എത്ര വീതം എന്നും അറിയിക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുത്തതും വർഷങ്ങളായി യാതൊരുവിധ നിർമ്മാണവും നടത്താത്തതുമായ ഉച്ചക്കട-സിസിലിപുരം റോഡ്, മുള്ളുമുക്ക്-വെങ്ങാനൂർ റോഡ്, അമ്പലത്തുംമൂല കുരിശ്ശടി-കരുംകുളം റോഡ്, വണ്ടിത്തടം-പാലപ്പൂര് റോഡ് എന്നിവ സഞ്ചാര യോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോവളം-കളിയിക്കാവിള റോഡ് കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പണി ആരംഭിച്ചു.

(ബി) കോവളം-കളിയിക്കാവിള റോഡ് കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിക്കുന്നു. മൊത്തം അടങ്കൽ തുക 33.45 കോടി രൂപയാണ്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം, കെട്ടിട വിഭാഗം എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം 1, അനുബന്ധം 2, എന്നിവയിൽ കൊടുത്തിട്ടുണ്ട്.*

(സി) പരിഗണിക്കുന്നതാണ്.

കായംകുളം മണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ

230 (827) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിനും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.